മാതൃഭൂമി

14 August 2021

# കൂട്ടിൽ വിളഞ്ഞത് 600 കിലോ കരിമീൻ

## ഒരു കൂടിൽനിന്ന് ലഭിച്ചത് 2.73 ലക്ഷം രൂപ

**മരട്►** കോവിഡ് പ്രതിസന്ധിയിൽ മരടിലെ പട്ടികജാതി കുടുംബങ്ങൾക്ക് തുണയായി കൂടുമത്സ്യ കൃഷി. കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ (സി.എം.എഫ്.ആർ.ഐ.) നേതൃത്വത്തിൽ നെട്ടൂർ-മരട് കായലിൽ നടത്തിയ കൃഷിയിൽ ഒരു മത്സ്യക്കൂടിൽ നിന്ന് മാത്രം 600 കിലോ കരിമീൻ വിളവെടുത്തു. കിലോയ്ക്ക് 450 രൂപ നിരക്കിൽ മുഴുവനും കൃഷിയിടത്തിൽ തന്നെ വിറ്റഴിച്ചതോടെ കുടുംബങ്ങൾക്ക് ലഭിച്ചത് 2.73 ലക്ഷം രൂപ.

സി.എം.എഫ്.ആർ.ഐ. കഴിഞ്ഞ ഒക്ടോബറിലാണ് നാല് മീറ്റർ വീതം നീളവും വീതിയുമുള്ള മത്സ്യക്കൂടിൽ രണ്ടായിരം കരിമീൻ കുഞ്ഞുങ്ങളെ നിക്ഷേപിച്ച് കൃഷിയാരംഭിച്ചത്. പ്രദേശത്തെ 'പുഴയോരം' സ്വയം സഹായക സംഘത്തിന് മത്സ്യക്കൂട്, മീൻ കുഞ്ഞുങ്ങൾ, തീറ്റ തുടങ്ങിയവ സൗജന്യമായാണ് സി.എം.എഫ്.ആർ.ഐ. നൽകിയത്. കൂടാതെ സാങ്കേതിക സഹായവും നൽകി.






മരടിലെ കൂടുമത്സ്യ കൃഷിയിൽനിന്നുള്ള കരിമീൻ വിളവെടുപ്പ്

പത്ത് മാസത്തിനു ശേഷം വിളവെടുപ്പ് നടത്തിയപ്പോൾ കരിമ് നിന് ശരാശരി 380 ഗ്രാം വളർച്ച ലഭിച്ചു.

വിളവെടുപ്പ് മരട് നഗരസഭാ വൈസ് ചെയർപേഴ്സൺ രശ് സനിൽ ഉദ്ഘാടനം ചെയ്തു.

സി.എം.എഫ്.ആർ.ഐ. ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ അധ്യക്ഷനായി. പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. കെ. മധുവിനായിരുന്നു മേൽനോട്ടം.